(ബി) ഉണ്ട്. 6,93,706 രൂപയ്ക്കാണ് വിൽപ്പന നടന്നത്.

(സി) ഇക്കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

മാവൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

78 [1057] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ പഞ്ചായത്തിലെ കുതിരാടം-കണ്ണിപറമ്പ് അരയങ്കോട് മുക്ക് ഭാഗത്തെ കുടിവെള്ള ക്ഷാമം സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പരാതി പരിഹരിക്കുന്നതിനുവേണ്ടി രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 4 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. മാവൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടിയാണ് പ്രസ്തുത ഭാഗത്ത് വെള്ളം കൊടുക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

പെരിങ്ങളം നിയോജകമണ്ഡലത്തിൽ തടയണകൾ നിർമ്മിക്കാൻ നടപടി

79 [1058] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ തൃപ്പങ്ങോട്ടൂർ, കുന്നോത്തുപറമ്പ, പാട്യം, പന്ന്യന്നൂർ, ചൊക്ലി, ന്യൂ-മാഹി, കരിയാട്, പെരിങ്ങളം, പാനൂർ എന്നീ പഞ്ചായത്തുകളിൽ കൂടുതൽ തടയണകൾ നിർമ്മിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ ആന്റ് ബി) പെരിങ്ങളം നിയോജകമണ്ഡലത്തിൽപ്പെട്ട പാട്യം പഞ്ചായത്തിൽ 7, തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ 5, കുന്നോത്തുപറമ്പ പഞ്ചായത്തിൽ 2, പാനൂർ പഞ്ചായത്തിൽ 1 എന്നിങ്ങനെ മൊത്തം 15 തടയണകൾ വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് അനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly